LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) തിരുവനന്തപുരം നഗരസഭയിലെ ബിൽഡിംഗ് പെർമിറ്റുമായി ബന്ധപ്പെട്ട പെന്റിംഗ് ഫയലുകളുടെ എണ്ണം ശേഖരിച്ചുവരുന്നു. കാലതാമസം ഒഴിവാക്കുന്നതിനായി 35 വാർഡുകളിൽ ഓൺലൈൻ സംവിധാനത്തിലൂടെയാണ് അപേക്ഷ സ്വീകരിക്കുന്നത്.

(ബി) അനധികൃത നിർമ്മാണങ്ങൾ പൊളിച്ചുമാറ്റുന്നതിന് തിരുവനന്തപുരം നഗരസഭ അടിയന്തര നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഇല്ല.

(ഡി) തിരുവനന്തപുരം നഗരസഭ ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചിട്ടുണ്ട്. ഏഴ് കെട്ടിടങ്ങൾ അനധികൃതമായി നിർമ്മിച്ചിട്ടുണ്ട്.

(ഇ) കംപ്ലീഷൻ പ്ലാൻ ഹാജരാക്കുന്നതിന് 22-8-2009-ൽ തിരുവനന്തപുരം നഗരസഭയിൽ നിന്ന് അറിയിപ്പ് നൽകിയിട്ടുണ്ട്. ആയത് പ്രകാരം നടപടിക്രമം പൂർത്തിയായിവരുന്നു. കംപ്ലീഷൻ പ്ലാൻ ഹാജരാക്കുന്ന മുറയ്ക്ക് മുൻകാലപ്രാബല്യത്തോടുകൂടി നികുതി നിർണ്ണയിച്ച് തുക ഈടാക്കാൻ കഴിയുന്നതുമൂലം നികുതി നഷ്ടം ഒഴിവാക്കാൻ സാധിക്കുന്നതാണ്.

വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള റോഡ് സംബന്ധിച്ച കെട്ടിട നിയമത്തിലെ വ്യവസ്ഥ

125 (4748) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പന്ത്രണ്ടായിരം സ്കയർ മീറ്ററിന് മുകളിൽ തറവിസ്തീർണ്ണമുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ നിർമ്മിക്കണമെങ്കിൽ അത്തരം സ്ഥാപനങ്ങളിലേക്ക് പത്ത് മീറ്റർ വീതിയിലുള്ള റോഡ് ഉണ്ടായിരിക്കണമെന്ന് പുതിയ കെട്ടിട നിയമം അനുശാസിക്കുന്നുണ്ടോ ;

(ബി) എങ്കിൽ പ്രസ്തുത നിയമം എന്നു മുതലാണ് സംസ്ഥാനത്ത് പ്രാബല്യത്തിൽ വന്നത് ;

(സി) നിലവിൽ വർഷങ്ങളായി ഒട്ടേറെ കെട്ടിടങ്ങൾ സ്ഥിതിചെയ്യുന്ന ഒരു കാമ്പസിൽ പുതുതായി ഒരു ചെറിയ ബ്ലോക്ക് നിർമ്മിക്കാനും ഉള്ള കെട്ടിടങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനും പ്രസ്തുത നിയമം ബാധകമാണോ ;

(ഡി) എങ്കിൽ വർഷങ്ങളായി കാമ്പസിൽ സ്ഥിതി ചെയ്യുന്ന കെട്ടിടങ്ങളുടെ മൊത്തം തറ വിസ്തീർണ്ണം പന്ത്രണ്ടായിരം സ്കയർ മീറ്ററിൽ കൂടുമെന്നതിനാൽ ഇത്തരം സ്ഥാപനങ്ങൾക്ക് പുതുതായി ഒരു മൂത്രപ്പുരപോലും കാമ്പസിൽ ഇനി നിർമ്മിക്കാൻ കഴിയില്ലെന്ന വസ്തുത സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(ഇ) കേരളത്തിൽ നിലവിലുള്ള മഹാഭൂരിപക്ഷം വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കെട്ടിടങ്ങളുടെ തറ വിസ്തീർണ്ണം ഇപ്പോൾ തന്നെ പന്ത്രണ്ടായിരം സ്കയർ മീറ്ററിൽ കൂടുമെന്ന കാര്യം സർക്കാർ പരിശോധിച്ചിട്ടുണ്ടോ ;

(എഫ്) അവിടങ്ങളിലേക്ക് പത്തുമീറ്റർ വീതിയിൽ റോഡില്ലെന്നും ഇനി റോഡ് വീതി കൂട്ടുക സാധ്യമല്ലെന്നും സർക്കാർ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ജി) എങ്കിൽ നിയമം പുനഃപരിശോധിക്കുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 21-6-2010 മുതലാണ് പ്രസ്തുത ഭേദഗതി ചട്ടങ്ങൾ പ്രാബല്യത്തിൽ വന്നിട്ടുള്ളത്.

(സി) അല്ല.

(ഡി) ബാധകമല്ല.

(ഇ&എഫ്) പരിശോധിച്ചിട്ടില്ല.

(ജി) ഇപ്പോൾ പരിഗണനയിലില്ല.

കണ്ണൂർ ബ്ളോക്ക് പഞ്ചായത്ത് നിർമ്മിച്ച അഗ്രോ സർവ്വീസ് സെന്റർ കെട്ടിടത്തിന് നമ്പർ

126 (4749) ശ്രീ. എം. പ്രകാശൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കണ്ണൂർ ബ്ളോക്ക് പഞ്ചായത്ത് നിർമ്മിച്ച അഗ്രോ സർവ്വീസ് സെന്ററിനു വേണ്ടിയുള്ള കെട്ടിടത്തിന് കെട്ടിട നമ്പർ നൽകണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കഴിഞ്ഞ ഒരു വർഷത്തിലധികമായി ഈ ആവശ്യം പരിഗണിക്കാത്തതിന്റെ കാരണം അറിയിക്കുമോ ;

(സി) കെട്ടിട നമ്പർ അനുവദിക്കുന്ന കാര്യത്തിൽ ഉദ്യോഗസ്ഥർ ബോധപൂർവ്വം കാലതാമസം വരുത്തുകയാണെന്ന ആക്ഷേപം ശരിയാണോ ;

(ഡി) പ്രസ്തുത അഗ്രോ സർവ്വീസ് സെന്റർ കെട്ടിത്തിന് അടിയന്തരമായി കെട്ടിട നമ്പർ നൽകാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ശാസ്ത്ര സാങ്കേതിക വകുപ്പിന്റെകൂടി പരിശോധന ആവശ്യമുള്ളതിനാലായിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly